M 26605

Reg. No.: ..............................

Name : ..................................

# I Semester M.A./M.Sc./M.Com. Degree (Reg./Supple./Improve.) Examination, November 2014
# MALAYALAM LANGUAGE AND LITERATURE
## (2014 Admn. Under CBSS)
## MAL 1C 03 : Short Story Literature

Time : 3 Hours Max. Marks : 80

I. ഈരണ്ടു പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1. 'അന്ന് ഒസ്യത്തുമില്ല, രജിസ്റ്ററുമില്ല. പറഞ്ഞതൊക്കെ പരമാർഥവും എഴുതിയതൊക്കെ രജിസ്റ്ററുമായിരുന്നു' – സന്ദർഭം വിശദമാക്കുക.

2. 'സാർ വന്ദനം' എന്ന കഥയുടെ സാമൂഹിക പശ്ചാത്തലം ചർച്ച ചെയ്യുക.

3. ജോൺ എബ്രഹാം കഥകളുടെ ആഖ്യാന സവിശേഷതകൾ സംഗ്രഹിക്കുക.

4. 'നൈനാൻ അങ്കിൾ, ഞാൻ ശ്രാദ്ധം കഴിക്കുമ്പോൾ ഒരു റോൾ ഫോട്ടോ... കംപ്ലീറ്റ് വൺ റോൾ' – സന്ദർഭം വിശദീകരിക്കുക.

5. 'ആ കഥ, അല്ല ആ ഗ്ലോബ് എന്റെയും കരിയന്റെയും ഓർമകളുടെ പ്രളയജലത്തിൽ അനാഥമായി ഒഴുകി നടക്കും'. സ്വാരസ്യം വ്യക്തമാക്കുക. **(5×4=20)**

II. **നന്നാലു**പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6. മൂർക്കോത്തു കുമാരന്റെ നർമാഖ്യാനശൈലി 'ഡ്രൈവിണി'യെ ആസ്പദമാക്കി വിശദീകരിക്കുക.

**അല്ലെങ്കിൽ**

'കൂനിയുടെ ചികിത്സ'യെ രസകരമാക്കുന്ന ആഖ്യാന ഘടകങ്ങൾ എന്തൊക്കെ ?

7. 'തഹസിൽദാരുടെ അച്ഛനി'ൽ കൃഷിയാണ് മുഖ്യ പ്രമേയം. പരിശോധിക്കുക.

**അല്ലെങ്കിൽ**

സരസ്വതിയമ്മയുടെ കഥകളിലെ സ്ത്രീവാദ സങ്കല്പം വിശദമാക്കുക.

P.T.O.

8. വി. കെ. എന്നിന് ഭാഷ തന്നെയാണ് കഥ – പര്യാലോചിക്കുക.

**അല്ലെങ്കിൽ**

മാധവിക്കുട്ടിയുടെയും രാജലക്ഷ്മിയുടെയും കഥനശൈലി താരതമ്യം ചെയ്യുക.

9. ഗൗരവമുള്ള പ്രമേയത്തെ സരളമായും സരസമായും ആഖ്യാനം ചെയ്യാൻ സക്കറിയയ്ക്ക് കഴിയുന്നു – പര്യാലോചിക്കുക.

**അല്ലെങ്കിൽ**

രാഷ്ട്രീയം നേരിട്ടു ചർച്ച ചെയ്യുന്ന കഥകൾക്ക് ഉത്തമോദാഹരണമാണ് 'വന്മരങ്ങൾ വീഴുമ്പോൾ' – പരിശോധിക്കുക.

10. പുതിയ സമൂഹത്തിലെ ജാതിചിന്തയുടെ പ്രഭാവമാണ് 'പന്തിഭോജന'ത്തെ ശ്രദ്ധേയമാക്കുന്നത് – ശരിയോ ?

**അല്ലെങ്കിൽ**

ഭാഷയുടെ കാർക്കശ്യമാണ് 'പുത്രകാമേഷ്ടി'യുടെ വിജയം – പരിശോധിക്കുക.

**(5×6=30)**

III. **ഓരോന്നിനും ആറുപുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

11. സാമൂഹികപരിഷ്കരണമായിരുന്നു നവോത്ഥാനകാല കഥാകൃത്തുക്കളുടെ മുഖ്യലക്ഷ്യം – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ആഖ്യാനത്തിലെ നർമരസികതയ്ക്ക് കഥയിൽ അന്നും ഇന്നും സ്ഥാനമുണ്ട് – പര്യാലോചിക്കുക.

12. മലയാളത്തിലെ സ്ത്രീകഥാകൃത്തുക്കളുടെ പ്രമേയലോകം സാമാന്യമായി പരിശോധിക്കുക.

**അല്ലെങ്കിൽ**

പുതിയ കഥയിൽ കഥയല്ല, അനുഭവമാണ് മുഖ്യം – ചർച്ച ചെയ്യുക.

13. നവമാധ്യമങ്ങൾ പുതിയ കഥയുടെ പ്രമേയലോകത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

ദലിതനുഭവങ്ങൾ സമകാല ചെറുകഥയിൽ വേണ്ടത്ര ആവിഷ്കരിക്കപ്പെടുന്നുണ്ടോ ? ചർച്ച ചെയ്യുക.

**(3×10=30)**

---